LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, ഇക്കാര്യത്തിൽ വളരെ ഗൗരവമായി ആക്ഷൻ എടുത്തിട്ടുണ്ട്. 4 ആളുകളെ സസ്പെന്റ് ചെയ്യുകയും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. അവിടെ 14 കോടി രൂപയുടെ അഴിമതിയാണ് നടന്നിട്ടുള്ളത്. ഇത് ഗുരുതരമായ തെറ്റാണ്. ഇക്കാര്യത്തിൽ വളരെ ശക്തമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്തില്ല. അവിടത്തെ ഭരണ സമിതിയെ പിരിച്ചുവിടാതെ ഇപ്പോഴും നിലനിർത്തിക്കൊണ്ടുപോകുന്നുണ്ട്. കാരണം അത് പിരിച്ചുവിട്ടാൽ അവരൊക്കെ കയ്യൊഴിഞ്ഞ് പോകും. മുൻ പ്രസിഡന്റിനെ മാറ്റുകയും പകരം പുതിയ പ്രസിഡന്റ് വരികയും ചെയ്തു. നടപടി സംബന്ധിച്ച് ഒരിളവും കൊടുത്തിട്ടില്ല. ക്രിമിനൽ കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സൗരോർജ്ജ പദ്ധതികൾ

3 (*183) ഡോ. എൻ. ജയരാജ് :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജത്തിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുള്ള എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഊർജ്ജോല്പാദന മേഖലയിലൂടെ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) സൗരോർജ്ജം നേരിട്ട് കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(ആരോപണ വിധേയനായ ഊർജ്ജ വകുപ്പുമന്ത്രി മറുപടി പറയുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം അവരവരുടെ സീറ്റുകളിൽനിന്നും എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിക്കാൻ തുടങ്ങി.)

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ,

(എ) സൗരോർജ്ജ മേഖലയിൽ അനെർട്ട് വഴി താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. പതിനായിരം റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി
2. സോളാർ കണക്കു് ശൃംഖലാബന്ധിത സൗരോർജ്ജ പദ്ധതി
3. യൂട്ടിലിറ്റി ഗണത്തിൽപ്പെടുന്ന മെഗാവാട്ട് പവർപ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി
4. സൗരോർജ്ജ റാന്തൽ വിതരണം
5. സൗരോർജ്ജ ഹോം ലൈറ്റിംഗ് സിസ്റ്റം
6. സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി
7. സൗരോർജ്ജ വാട്ടർ പമ്പ് പദ്ധതി
8. സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുവാനായുള്ള കൺസൾട്ടൻസി/ ഡെപ്പോസിറ്റ് സ്കീം പദ്ധതി
9. സൗരോർജ്ജ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്ന പദ്ധതി

<u>കെ.എസ്.ഇ.ബി.യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പദ്ധതികൾ:-</u>

ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള എല്ലാ ഉപഭോക്താക്കൾക്കും അവരുടെ കെട്ടിടത്തിന്റെ മുകളിൽ ഗ്രിഡുമായി ബന്ധിപ്പിക്കാനുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് ഉപഭോഗം നിറവേറ്റുന്നതിനും ബാക്കിയുള്ളവ വൈദ്യുത ഗ്രിഡിലേയ്ക്ക് കടത്തിവിടുന്നതിനും കെ.എസ്.ഇ.ആർ.സി. റെഗുലേഷൻ പ്രകാരം സൗകര്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ബാങ്കിംഗ് നൽകുക വഴി പകൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മറ്റ് ആവശ്യമായ സമയങ്ങളിൽ ഉപയോഗിക്കുന്നതിന് ഉപഭോക്താവിന് കഴിയുന്നു. ഗ്രിഡുമായി ബന്ധിപ്പിക്കാത്ത വൈദ്യുതോൽപ്പാദനത്തിന് യൂണിറ്റ് 1-ന് ഒരു രൂപ നിരക്കിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇൻസെന്റീവ് നൽകിവരുന്നു.

(ബി) സൗരോർജ്ജോത്പാദന മേഖലയിലൂടെ അനെർട്ട് വഴി കൈവരിച്ച നേട്ടങ്ങൾ അനുബന്ധം-1* ആയി ചേർക്കുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന 1.56 MW-ന്റെ 4 പദ്ധതികൾ പൂർത്തീകരിച്ചു. 3.4815 MW-ന്റെ ആറ് പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. 15.4 MW-ന്റെ 16 പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. വിശദാംശങ്ങൾ അനുബന്ധം 2* ആയി ചേർത്തിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ച 200 MW സോളാർ പാർക്കിനായി KSEB Limited-ഉം Solar Energy Corporation of India-യും (കേന്ദ്ര പൊതുമേഖലാ സ്ഥാപനം) Renewable Power Corporation of

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Kerala എന്ന ഒരു സംയുക്ത സംരംഭം ആരംഭിക്കുകയും കാസർഗോഡ് ജില്ലയിൽ 1000 ഏക്കർ സ്ഥലം ഈ ആവശ്യത്തിനായി പ്രസ്തുത കമ്പനിക്ക് കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 50 മെഗാവാട്ടിന്റെ ആദ്യഘട്ട പ്രവർത്തനത്തിന്റെ ടെണ്ടർ നടപടികൾ ഇതിനകം പൂർത്തിയാക്കുകയും പ്രാരംഭ ഘട്ട നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 1 കിലോവാട്ട് മുതൽ 1 മെഗാവാട്ട് വരെ ശേഷിയുള്ള സോളാർ നിലയങ്ങൾ ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേയ്ക്ക് നൽകുന്നത് സംബന്ധിച്ച് 2014 ജൂണിൽ റെഗുലേഷനുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സൗരോർജ്ജ പ്ലാന്റുകൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉപയോഗത്തിനധികമായി വരുന്നത് ഗ്രിഡുമായി ബന്ധിപ്പിച്ചിരിക്കുന്ന ബൈ-ഡയറക്ഷണൽ മീറ്ററിലൂടെ നൽകുകയാണ് ചെയ്യുന്നത്. ഈ വൈദ്യുതി ഉത്പാദകൻ ഗ്രിഡിൽ നിന്ന് ഉപയോഗിക്കുന്ന വൈദ്യുതിയിൽ നിന്ന് കുറവു ചെയ്യുന്ന രീതിയിലാണ് ഇപ്പോഴുള്ള റെഗുലേഷനുകൾ (നെറ്റ് മീറ്ററിംഗ്). ഇത് അതാത് വൈദ്യുതി ബില്ലുകളിൽ കൂട്ടി കിഴിക്കുന്നതാണ്. സൗരോർജ്ജ പ്ലാന്റിൽ നിന്നും ഗ്രിഡിലേയ്ക്ക് നൽകിയ വൈദ്യുതി അധികമായുണ്ടെങ്കിൽ അത് അതാത് വർഷം സെപ്തംബർ മാസം വരെ ബാങ്ക് ചെയ്യാവുന്നതാണ്. സൗരോർജ്ജ വൈദ്യുതി ഉത്പാദകന് തന്റെ പേരിലുള്ള മറ്റൊരു വൈദ്യുതി കണക്ഷനുള്ള സ്ഥലത്ത് 500 യൂണിറ്റിലധികം വൈദ്യുതി പ്രതിമാസം ഉപയോഗിക്കുകയാണെങ്കിൽ, ഈ അധിക സൗരോർജ്ജ വൈദ്യുതി അവിടെ ഉപയോഗിക്കാനും സാധിക്കും. അതാത് വർഷം സെപ്തംബർ മാസം വരെ ഗ്രിഡിലേയ്ക്ക് നൽകിയ വൈദ്യുതി ഉപയോഗിച്ച വൈദ്യുതിയേക്കാൾ അധികമാണെങ്കിൽ ഈ അധിക വൈദ്യുതിക്ക് വിതരണ ഏജൻസി ആ വർഷത്തെ ആവറേജ് പൂൾഡ് പർച്ചേസ് വിലയായ ഒരു യൂണിറ്റ് വൈദ്യുതിക്ക് 3.14 രൂപ നൽകേണ്ടതാണ്.

ഡോ. എൻ. ജയരാജ്: സർ, വൈദ്യുതി രംഗത്തെ പ്രവർത്തനങ്ങൾക്ക് അങ്ങ് നൽകുന്ന സംഭാവനകൾ സന്തോഷപൂർവ്വം ഈ സന്ദർഭത്തിൽ ഞാൻ ഓർക്കുകയാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ സൗരോർജ്ജ ഉത്പാദന കാര്യത്തിൽ ഒട്ടേറെ വർദ്ധനവ് വരുത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. സൗരോർജ്ജ പദ്ധതിയുമായി ബന്ധപ്പെട്ട് നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം, ഒരു കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിന് ഏകദേശം രണ്ട് ലക്ഷം രൂപയോളം ചെലവ് വരുമെന്നുള്ളതാണ്. നിലവിൽ 92000 രൂപ സബ്സിഡി നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനായി സാധാരണ കുടുംബങ്ങളിലുള്ളവർ 1 ലക്ഷം രൂപയോളം മുടക്കാൻ തയ്യാറാകുകയില്ല. നിലവിലുള്ള സബ്സിഡി തുക വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ കൂടുതൽ ആളുകൾ സൗരോർജ്ജ ഉത്പാദനത്തിന് പ്രത്യേകിച്ച് ഹോം ലൈറ്റിംഗ് പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾക്കായി മുന്നോട്ടുവരുമെന്നുള്ളതുകൊണ്ട് സബ്സിഡി വർദ്ധിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുമോ; കർഷകർക്ക് നിലവിലുള്ള സബ്സിഡിയാണ് നൽകുന്നത്. അതിനായി ഇത്തവണ ഏതാണ്ട് 30 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വയ്ക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന മോട്ടോർ പമ്പുകൾ സോളാർ വാട്ടർ പമ്പിംഗ് പ്രോഗ്രാമിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ കൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുകയാണെങ്കിൽ അത് കർഷകർക്ക് വളരെയേറെ ആശ്വാസപ്രദമാകും. അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, സോളാർ പമ്പ് സെറ്റ് നൽകാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഏത് കർഷകൻ ചോദിച്ചാലും അത് ഫ്രീയായി കൊടുക്കാനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്. സബ്സിഡിയോടുകൂടി എത്ര പമ്പ് സെറ്റ് വേണമെങ്കിലും കൊടുക്കാനും സാധിക്കും. സോളാറിന്റെ സബ്സിഡി വർദ്ധിപ്പിക്കുകയല്ല, വില കുറച്ചുവരികയാണ് ചെയ്യുന്നത്. എന്നുമാത്രമല്ല സെൻട്രൽ ഗവൺമെന്റുപോലും അതിന്റെ സബ്സിഡി തുക കുറച്ചിരിക്കുകയാണ്. അതുകൊണ്ട് തൽക്കാലം സബ്സിഡി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. സി. എഫ്. തോമസ് : സർ, ഊർജ്ജ വകുപ്പിന്റെ കീഴിൽ സോളാർ സിറ്റികൾ സ്ഥാപിക്കാനുള്ള പദ്ധതിയുണ്ട്. അതിനായി തിരുവനന്തപുരവും കൊച്ചിയും തെരഞ്ഞെടുത്തിട്ടുണ്ട്. പക്ഷേ അവിടെ സോളാർ സിറ്റി സെൽ ഉണ്ടാക്കാനും കൺസൾട്ടന്റിനെ നിയമിക്കാനും മാസ്റ്റർ പ്ലാനുണ്ടാക്കാനുമുള്ള നടപടികളൊന്നും ആയിട്ടില്ല. അതുകൊണ്ട് ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, പ്രസ്തുത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കുന്നത് അവസാനിപ്പിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരായി.)

LIBRARY ARCHIVES Kerala Legislative Assembly